പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 2437

09.03.2018 -ലെ മറുപടിയ്ക്ക്

## തൊഴിൽ മേഖലകളിൽ കരാർ വ്യവസ്ഥ

ചോദ്യം

ശ്രീ.പി.കെ.ശശി :

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ

(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തൊഴിൽ മേഖലയിൽ സ്ഥിരം സ്വഭാവമുള്ള ജോലികളിൽ കരാർ വ്യവസ്ഥ കൊണ്ടുവരാനും നിലവിൽ സ്ഥിരം നിയമന ഉത്തരവു നല്കുമ്പോൾ തൊഴിലാളിയും തൊഴിലുടമയും ആയി ഏർപ്പെടുന്ന കരാറിലെ കാലാവധി ഇല്ലാതാക്കാനും വേണ്ടിയുള്ള കേന്ദ്രസർക്കാർ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രസർക്കാർ നടപടികളിൽ സംസ്ഥാനത്ത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും ഇടപെടലുകളും എന്ത് എന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ ഈ നയം തൊഴിലാളികളെ എത്തരത്തിൽ ബാധിക്കും എന്നും ഇതിൽ നിന്നും സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

(എ), (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലയിൽ കരാർ വ്യവസ്ഥ കൊണ്ടുവരുന്നത് ഈ സർക്കാരിന്റെ നയമല്ല. സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന നിയോജനങ്ങളിലും സ്ഥാപനത്തിന്റെ വരുമാനവുമായി നേരിട്ട് ബന്ധപ്പെട്ടതുമായ (സീസൺ അല്ലാത്ത) നിയോജനങ്ങളിലും കരാർ തൊഴിലാളികളെ നിയമിക്കുന്നത് റദ്ദ് ചെയ്യാൻ ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മേൽ പറഞ്ഞ നിയോജനങ്ങളിൽ കരാർ തൊഴിലാളികളെ നിയോഗിക്കുന്നതിന് സാധ്യമാവുന്ന രീതിയിൽ നിയമഭേദഗതി നടപ്പിലാക്കുകയാണെങ്കിൽ ജീവനക്കാർക്ക് continuous service നഷ്ടപ്പെടുന്നതിനും ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെ അത് പ്രതികൂലമായി ബാധിക്കുന്നതിനും സാധ്യതയുണ്ട്. നവലിബറൽ നയങ്ങളുടെ തിക്താനുഭവങ്ങളിൽ നിന്നും തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ എൽ.ഡി.എഫ് സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

Sreeba

സെക്ഷൻ ഓഫീസർ